# മെയ്ദിന ചിന്തകൾ
# വിസ്മൃതിയിലാകുമോ?



**ആർ. ചന്ദ്രശേഖരൻ**
**INTUC സംസ്ഥാന പ്രസിഡന്റ്**

8 മണിക്കൂർ ജോലി, ന്യായമായ വേതനം ഈ ആവശ്യങ്ങൾ ഉന്നയിച്ച് 1886 മെയ് ഒന്ന് മുതൽ അമേരിക്കയിലെ ചിക്കാഗോയിലും, കാനഡയിലും നടന്ന തൊഴിലാളി പണിമുടക്കിന്റെ ഓർമ്മദിനമാണ് മെയ് ഒന്ന്. പതിനായിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത ഈ പണിമുടക്ക് വിജയത്തിൽ പരിഭ്രാന്തരായ തൊഴിലുടമകളും പോലീസും ചേർന്ന് രണ്ടാം ദിവസം മുതൽ തൊഴിലാളികളെ ആക്രമിച്ച് സംഘർഷത്തിന് തുടക്കമിട്ടു. സംഘട്ടനങ്ങളും, പോലീസ് മർദ്ദനങ്ങളും, വെടിവെയ്പും ഉണ്ടായി. പണിമുടക്ക് നാലാം ദിവസത്തിലേയ്ക്ക് കടന്നപ്പോൾ പ്രതിഷേധവും ഏറ്റുമുട്ടലുകളും രൂക്ഷമായി. ഇതിനിടയിൽ നടന്ന വെടിവെയ്പ്പിൽ 6 തൊഴിലാളികളും, 7 പോലീസ്കാരും കൊല്ലപ്പെട്ടു. പണിമുടക്ക് സർക്കാർ നിരോധിച്ചു. തൊഴിലാളി ഭവനങ്ങളിൽ വ്യാപകമായ റെയ്ഡും, ക്രൂരമർദ്ദനങ്ങളും അരങ്ങേറി. പണിമുടക്കിന് നേതൃത്വം നൽകിയ 7 തൊഴിലാളികളെ കൊലക്കുറ്റം ചുമത്തി തുറങ്കലിലടച്ചു. നിയമനടപടികൾ വേഗത്തിലാക്കിയ സർക്കാരും കോടതിയും 1887 നവംബർ 11 ന് ഈ തൊഴിലാളികളെ പരസ്യമായി തൂക്കിലേറ്റി വധിച്ചു.



"ഇന്ന് നിങ്ങൾ അവസാനിപ്പിക്കുന്ന ഞങ്ങളുടെ ശ്വാസോച്ഛ്വാസത്തെക്കാൾ ഞങ്ങളുടെ നിശബ്ദത വൻ ശക്തിയായി വരുന്ന ഒരു ദിവസം വരും". തൂക്കുകയർ കഴുത്തിൽ അണിയിച്ചപ്പോൾ തൊഴിലാളികൾ പറഞ്ഞ ഈ വാക്കുകൾ ഇന്നും പണിയെടുത്ത് ജീവിക്കുന്നവർക്ക് ആവേശവും പ്രതീക്ഷയും ആണ്.

ഈ സംഭവം കേട്ടറിഞ്ഞ മറ്റ് രാജ്യങ്ങളിൽ 1887 മുതൽ മെയ് ഒന്ന് തൊഴിലാളി ദിനമായി ആചരിച്ച് തുടങ്ങി. എന്നാൽ അമേരിക്ക ഉൾപ്പെടുന്ന ഐക്യരാഷ്ട്രസഭയും, ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷനും (ILO) മെയ് ഒന്ന് തൊഴിലാളി ദിനമായി ഇന്നും അംഗീകരിച്ചിട്ടില്ല. അതിന് അമേരിക്ക സമ്മതിക്കുകയില്ല. കാരണം തൊഴിലാളി പ്രക്ഷോഭത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും സ്മരണകൾ തലമുറകളിലൂടെ ഓർമ്മിക്കപ്പെടുന്നത് രാജ്യത്ത് കൂടുതൽ പ്രക്ഷോഭങ്ങൾക്ക് ഇടയാക്കും എന്ന് ഭരണകൂടം ഭയന്നിരുന്നു. അതിനാൽ സമരത്തിന് നേതൃത്വം കൊടുത്ത തൊഴിലാളികളെ തൂക്കിലേറ്റുന്നതിന് മുമ്പായി 1887 സെപ്റ്റംബറിലെ ആദ്യ തിങ്കളാഴ്ച തൊഴിലാളി ദിനമായി ആഘോഷിക്കാൻ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഗ്രോവെർ ക്ലെവെലന്റ് ഉത്തരവിട്ടു. അതിനാൽ അമേരിക്കയിലും കാനഡയിലും ഇന്നും സെപ്റ്റംബറിലാണ് തൊഴിലാളിദിനം.

നിലവിലെ ആഗോളവൽക്കരണ കാലഘട്ടത്തിൽ വികസനത്തിന്റെയും സമഗ്ര വികസനത്തിന്റെയും പേരിൽ ജോലി സമയം 12 മണിക്കൂർ ആക്കണമെന്ന നിർദ്ദേശങ്ങൾ ഉയർന്നിരിക്കുന്നു. ഈ ആവശ്യം ഉന്നയിച്ചവരെ ആദരിച്ച് രാജ്യസഭയിലേയ്ക്ക് ആനയിച്ചതും കണ്ടുകഴിഞ്ഞു. ഇവിടെയാണ് മെയ്ദിന ചിന്തകൾ വിസ്മൃതിയാലുകമോ എന്ന സംശയം രൂപപ്പെടുന്നത്.

## ആദ്യം പണിമുടക്കിയത് ഇന്ത്യൻ തൊഴിലാളികൾ

ചിക്കാഗോയിലും കാനഡയിലും 8 മണിക്കൂർ ജോലിക്കായി 1886 ൽ നടന്ന പണിമുടക്കിന് 24 വർഷം മുമ്പ് 1862 ൽ 8 മണിക്കൂർ ജോലി എന്ന ആവശ്യം ഉയർത്തി കൽക്കത്തയിലെ ഹൗറയിൽ ഇന്ത്യൻ റെയിൽവെ തൊഴിലാളികൾ ശക്തമായ പണിമുടക്ക് ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ നടത്തിയിരുന്നു. ഇതേ ആവശ്യം ഉന്നയിച്ച് 1870, 1875 വർഷങ്ങളിൽ കൽക്കത്തയിലും ബോംബെയിലും തൊഴിലാളികൾ അതിശക്തമായ പണിമുടക്കുകൾ നടത്തി. എന്നാൽ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്താൻ നടത്തിയ ഈ സമരങ്ങൾ ചരിത്രത്തിന്റെ ഭാഗമാകാതെ തമസ്കരിക്കപ്പെട്ടു. 1886 ലെ ചിക്കാഗോ സമരം ഓർമ്മിക്കപ്പെടാനും മെയ് ഒന്ന് തൊഴിലാളി ദിനമായി ആചരിക്കാനും കാരണം സമരത്തിന് നേതൃത്വം കൊടുത്ത തൊഴിലാളികളെ പരസ്യമായി തൂക്കിലേറ്റി വധിച്ചു എന്നതാണ്.

## മെയ്ദിന പ്രക്ഷോഭവും കമ്മ്യൂണിസ്റ്റ് പാർട്ടിയും

മെയ് ദിനവുമായി ബന്ധപ്പെട്ട് കമ്മ്യൂണിസ്റ്റ് ആശയക്കാരും അവരുടെ ട്രേഡ് യൂണിയനുകളും നിരവധി അവകാശവാദങ്ങൾ പ്രചരിപ്പിക്കുന്നുണ്ടെങ്കിലും അതിൽ യാതൊരടിസ്ഥാനവും ഇല്ല. 1886 ൽ മെയ്ദിന പ്രക്ഷോഭം നടക്കുമ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയോ കമ്മ്യൂണിസ്റ്റ് തൊഴിലാളി സംഘടനയോ ചിക്കാഗോയിൽ ഇല്ലായിരുന്നു. 1919 ൽ ആണ് അമേരിക്കൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമാകുന്നത്. 1917-ൽ മാത്രം സ്ഥാപിതമായ ലോകത്തെ ആദ്യ കമ്മ്യൂണിസ്റ്റ് പാർട്ടിയായ റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1919 ൽ മാത്രം സ്ഥാപിതമായ അന്തർദേശീയ കമ്മ്യൂണിസത്തിനും, 1921-ൽ സ്ഥാപിതമായ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1921 ൽ സ്ഥാപിതമായ കനേഡിയൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1925-ൽ മാത്രം സ്ഥാപിതമായ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കും, 1886 ൽ നടന്ന മെയ്ദിന തൊഴിലാളി പ്രക്ഷോഭത്തിൽ യാതൊരു പങ്കും ഇല്ലായിരുന്നു എന്ന് പ്രത്യേകം പറയേണ്ടതില്ല. ചിക്കാഗോയിലെ മെയ്ദിന പ്രക്ഷോഭം പണിയെടുക്കുന്നവന്റെ വേദനയിൽ നിന്നും ഉയർന്ന ഹൃദയം തുടിക്കുന്ന ജീവിത സമരമായിരുന്നു.

ഒന്നാം ലോകമഹായുദ്ധത്തിന് ശേഷം 1919 ൽ രൂപീകരിക്കപ്പെട്ട ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ പ്രഥമ യോഗമാണ് 8 മണിക്കൂർ ജോലി 8 മണിക്കൂർ വിനോദം 8 മണിക്കൂർ വിശ്രമം എന്ന തത്വം അംഗീകരിച്ചത്. ഇതിനെ അമേരിക്ക എതിർത്തില്ല. എന്നുമാത്രമല്ല അതിനെ ശക്തിയായി പിന്തുണച്ച് തങ്ങളുടെ രാജ്യത്ത് കൃത്യമായി നടപ്പാക്കി. മെയ്ദിന പ്രക്ഷോഭവുമായി ബന്ധപ്പെട്ട് തൂക്കിലേറ്റപ്പെട്ടവർ രക്തസാക്ഷിത്വം വരിച്ച് 32 വർഷം പിന്നിട്ടപ്പോൾ അവർ കഴുമരത്തിൽ നിന്നുകൊണ്ട് ഹൃദയസ്പർശിയായി പറഞ്ഞ വാക്കുകൾ അങ്ങനെ അന്വർത്ഥമായി.

## നെഹ്റുവീയൻ നയങ്ങൾ ലോകത്തിന് മാതൃക

ലോകം എന്നും സമ്പന്നരുടെയും, ആധുനിക ലോകം അതിസമ്പന്നരായ കോർപ്പറേറ്റുകളുടെയും അധീനതയിലാണ്. എല്ലാ ഭരണകൂടങ്ങളും ഇവരുടെ പക്ഷത്താണ്. അമേരിക്കൻ സാമ്പത്തിക വിദഗ്ദ്ധൻ ആഡം സ്മിത്തിന്റെ മാർക്കറ്റ് എക്കോണമി എന്ന 1786 ലെ സാമ്പത്തിക നയ ഭാവനകളാണ് ഇവരെ നയിക്കുന്നത്. ഭരണകൂടം തങ്ങളുടെ രാജ്യസംരക്ഷണ പ്രതിരോധത്തിലും, ക്രമസമാധാനപാലനത്തിലും, നീതിന്യായ നടപടികളിലും, നികുതി പിരിവിലും, പശ്ചാത്തല സൗകര്യ വികസനത്തിലും മാത്രം ശ്രദ്ധിക്കുക. മറ്റ് എല്ലാ കാര്യങ്ങളും വിപണിക്കും സമൂഹത്തിനുമായി വിട്ടുകൊടുക്കുക. ഇതാണ് ആഡം സ്മിത്ത് തന്റെ വെൽത്ത് ഓഫ് നേഷൻസ് എന്ന വിഖ്യാതമായ സാമ്പ

ത്തിക ശാസ്ത്ര രചനയിലൂടെ മുന്നോട്ടു വച്ചിട്ടുള്ള ആശയം. ഇന്ത്യയ്ക്ക് ആഡം സ്മിത്തിന്റെ ഈ സാമ്പത്തികശാസ്ത്രം ചേരുകയില്ല. എന്ന് മനസ്സിലാക്കിയ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഈ സാമ്പത്തിക നയത്തിന്റെ പരീക്ഷണശാലയാക്കുവാൻ രാജ്യത്തെ അനുവദിച്ചില്ല. പകരം ഫാബിയൻ സോഷ്യലിസത്തെ (സമ്മിശ്രസമ്പത്ത് വ്യവസ്ഥ) അദ്ദേഹം തിരഞ്ഞെടുത്തു.

ഇന്ത്യയുടെ സാമ്പത്തിക ഭരണഘടനയെന്ന് സ്വദേശ - വിദേശ സാമ്പത്തിക വിദഗ്ധർ ഒന്നടങ്കം വിശേഷിപ്പിച്ച 1956 ലെ നെഹ്റുവിന്റെ രാജ്യ വ്യവസായ നയം വളരെ വ്യക്തവും ശക്തവും ദീർഘവീക്ഷണത്തിൽ അധിഷ്ടിതവുമായിരുന്നു. ഇതുമൂലം രാജ്യം കാർഷിക, വ്യവസായ, വാണിജ്യ, വിദ്യാഭ്യാസ, സാങ്കേതിക, ഗവേഷണ രംഗങ്ങളിൽ കുതിച്ച് ഉയർന്ന് പലതിലും സ്വയംപര്യാപ്തതയിലെത്തി. സമ്പത്ത് വ്യക്തികളിലും, സ്ഥാപനങ്ങളിലും അമിതമായി കേന്ദ്രീകരിക്കപ്പെടുന്നത് നിയന്ത്രിച്ചു. ആഭ്യന്തര ഉല്പാദനത്തെ ബന്ധപ്പെടുത്തിയും ആവശ്യാധിഷ്ടിത ക്രമത്തിൽ മാത്രം ഇറക്കുമതിയും കയറ്റുമതിയും ക്രമീകരിച്ചു. ആഭ്യന്തര ഉല്പാദനത്തിലും രാജ്യപുരോഗതിയിലും മുഖ്യപങ്ക് തൊഴിലാളികളുടെതാണെന്ന തിരിച്ചറിവിൽ അവരെ സംരക്ഷിക്കാനുള്ള നിരവധി നിയമനിർമ്മാണങ്ങൾക്ക് രൂപം നൽകി. തൊഴിൽ സ്ഥിരതയുടെയും, ആത്മാഭിമാനത്തിന്റെയും അടയാളങ്ങളായി തൊഴിൽമേഖല മാറി. 18 വർഷത്തെ ഈ ഭരണത്തിന് പിന്നാലെ അധികാരത്തിൽ വന്ന ഇന്ദിരാഗാന്ധിയും ഇതേ നയങ്ങൾ 16 വർഷം അതിശക്തിയായി തുടർന്നു. ഈ കാലയളവിൽ വളരെ സങ്കീർണ്ണമായ ജാതി-മത-വർഗ്ഗീയതയിൽ അധിഷ്ഠിതമായിരുന്ന ഇൻഡ്യ കൈവരിച്ച നേട്ടങ്ങൾ ഐക്യരാഷ്ട്രസഭയിലും, കോമൺവെൽത്തിലും, ചേരിചേരാ രാഷ്ട്ര സമ്മേളനങ്ങളിലും, മറ്റ് അന്തർദേശീയ ഉച്ചകോടികളിലും പ്രശംസിക്കപ്പെട്ടു.

ഈ നേട്ടങ്ങളെ അമേരിക്ക ഒരിക്കലും അംഗീകരിച്ചിരുന്നില്ല. കാരണം ഇൻഡ്യയിൽ തങ്ങളുടെ വാണിജ്യ താല്പര്യങ്ങൾ ഉറപ്പിക്കാൻ കഴിയുന്നില്ല എന്നതായിരുന്നു അവരുടെ എക്കാലത്തെയും പരാതി. അതിന് തടസ്സം നിൽക്കുന്നത് നെഹ്റുവിന്റെയും, ഇന്ദിരാഗാന്ധിയുടെയും സാമ്പത്തിക നയങ്ങളാണെന്ന് അവർ കണ്ടെത്തി. അതിനെ അട്ടിമറിക്കാൻ സാമ്പത്തിക ഉപരോധം അടിച്ചേൽപ്പിച്ചും, ചൈന പാക്കിസ്ഥാൻ യുദ്ധങ്ങളുടെ പോർവിളികൾ മുഴക്കിയും പല ശ്രമങ്ങളും അവർ നടത്തി.

## രാജ്യം ആഗോള സാമ്പത്തിക നയത്തിൽ

എന്നാൽ കോൺഗ്രസ്സ് അധികാരത്തിൽ ഇല്ലാതിരുന്ന 1990 ൽ രാഷ്ട്രീയ ഭരണ നേതൃത്വം ദുർബലമായപ്പോൾ ബാലൻസ് ഓഫ് പെയ്മെന്റ് വിഷയം ഉയർത്തി വിദേശ ശക്തികൾ ഇൻഡ്യയെ ഭീഷണിപ്പെടുത്തി. അമേരിക്കൻ താൽപര്യ സംരക്ഷകരായ IMF ഉം, വേൾഡ് ബാങ്കും രംഗത്ത് വന്നു. ഇൻഡ്യൻ കരുതൽ സ്വർണ്ണശേഖരം പണയം വയ്ക്കാനും, സാമ്പത്തിക നയങ്ങളിൽ വ്യതിയാനം വരുത്തുമെന്ന് ഉറപ്പ് കൊടുക്കാനും അവർ ശഠിച്ചു. ഇതിനെ അംഗീകരിച്ച ഭരണകൂടം അമേരിക്കയ്ക്ക് മുന്നിൽ കീഴടങ്ങി. ഇത് മറ്റൊരു രൂപത്തിൽ 1978 ൽ ചൈനയിലും, 1985 ൽ സോവിയറ്റ് യൂണിയനിലും പരീക്ഷിച്ച് വിജയിച്ചതിന് ശേഷം അവസാനമാണ് ഇൻഡ്യയിലേക്ക് വന്നത്. 1991 മുതൽ അമേരിക്കൻ നയങ്ങൾക്ക് അനുസൃതമായ ആഗോള-ഉദാര-സ്വകാര്യ വൽക്കരണത്തിന് ഇന്ത്യയിൽ തുടക്കമായി.

വികസനം, സമഗ്രവികസനം മാലിന്യ സംസ്കരണം, കുടിവെള്ളം മുതൽ രാജ്യത്തിന്റെ ബഡ്ജറ്റ് വരെ തയ്യാറാക്കാൻ നിർദ്ദേശങ്ങൾ നൽകുന്നത് IMF ഉം, വേൾഡ് ബാങ്കുമായി മാറി. ഫലമോ, 1991 ൽ ഒരു ലിറ്റർ പെട്രോളിന് 15 രൂപയായിരുന്നത് ഇന്ന് 110 രൂപയായി ഉയർന്നിരിക്കുന്നു. മരുന്നുകളുടെയും, നിത്യോപയോഗ സാധനങ്ങളുടെയും

വിലക്കയറ്റം വിവരിക്കാനാവാത്തതാണ്. വിലനിയന്ത്രണ നിയമങ്ങൾ എടുത്തുകളയപ്പെട്ടു. ക്രെഡിറ്റ് കാർഡ്-വ്യക്തിഗത-വിദ്യാഭ്യാസ-വാഹന-ഭവന വായ്പകളിലൂടെ ജനങ്ങളെ കടക്കെണിയിലാക്കി. പൊതുമേഖലാ ബാങ്കുകളുടെ കുടിശിഖ പിരിക്കുന്നത് കോർപ്പറേറ്റ് ഗുണ്ടകളുടെ ഭീഷണിയിലായി. പൊതുസേവനങ്ങൾക്കെല്ലാം സേവനചുങ്കം ചുമത്തി സൂക്ഷ്മ കൊള്ളയടി നടത്തുന്നു. സബ്സിഡികളെല്ലാം നിർത്തൽ ചെയ്തും, പൊതുവിതരണ സമ്പ്രദായം തകർത്തും ഉള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. 10 മഹാരത്ന, 14 നവരത്ന, 97 മിനിരത്ന കമ്പനികൾ ഉൾപ്പടെ 292 ഓളം പൊതുമേഖലകളെല്ലാം സ്വകാര്യ കോർപ്പറേറ്റുകൾക്ക് വിൽക്കുന്നു. ഖനന മേഖലകൾ, റെയിൽവെ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, റോഡുകൾ, ബാങ്കുകൾ, എൽ.ഐ.സി. ഉൾപ്പടെയുള്ള ഇൻഷുറൻസ് സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസം, വൈദ്യുതി ഉൽപാദനം, വിതരണം എന്നീ എല്ലാം മേഖലകളും പാട്ടത്തിനോ വിൽപ്പനയ്ക്കോ ഇന്ന് തുറന്നിട്ടിരിക്കുന്നു. അംഗീകൃത സാമ്പത്തിക ചൂതാട്ടമായ ഷെയർ മാർക്കറ്റിന്റെ പ്രവർത്തനങ്ങൾ യാതൊരു നിയന്ത്രണങ്ങളും കൂടാതെ നടത്താൻ അനുവദിച്ചത് മൂലം പണം നഷ്ടപ്പെട്ട സാധാരണക്കാർ പരസ്യമായി കൊള്ളയടിക്കപ്പെട്ടു. വായ്പയെടുത്ത കർഷകരും, വ്യവസായികളും, വിദ്യാർത്ഥികളും ആത്മഹത്യയിലേയ്ക്ക് നയിക്കപ്പെടുന്നു.

യാതൊരു നിയന്ത്രണവും ഇല്ലാത്ത ഇറക്കുമതി കയറ്റുമതി നയങ്ങൾ റബ്ബർ, തേയില ഉൾപ്പെടെയുള്ള തോട്ടം ഉല്പന്ന വിപണിയെയും, മത്സ്യവ്യാപാരത്തെയും , എല്ലാതരം കാർഷിക വിളകളുടെ വിപണിയെയും ഉല്പാദനത്തെയും ഗുരുതരപ്രതിസന്ധിയിലാക്കി. ഭക്ഷ്യവസ്തുക്കൾ, മരുന്നുകൾ, ഗ്രഹോപകരണങ്ങൾ, കെട്ടിടനിർമ്മാണ വസ്തുക്കൾ, ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ, സായുധസേന ആയുധങ്ങൾ തുടങ്ങി എല്ലാ ഇനം വസ്തുക്കളുടെയും അനിയന്ത്രിത ഇറക്കുമതി രാജ്യത്തെ തനത് ചെറുകിട-വൻകിട വ്യവസായങ്ങളെ തകർത്തു. വൻകിട മാളുകളുടെ വരവ് ചെറുകിട വ്യാപാരമേഖലയെ പ്രതിസന്ധിയിലെത്തിച്ചു.

## തൊഴിലാളികൾ ആധുനിക അടിമത്വത്തിലേയ്ക്ക് നയിക്കപ്പെടുന്നു

ലോകത്തിന് തന്നെ മാതൃകയായ തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതികൾ ഉൾക്കൊള്ളുന്ന 29 തൊഴിലാളി സംരക്ഷണ നിയമങ്ങൾ റദ്ദ് ചെയ്ത് കോർപ്പറേറ്റുകൾക്ക് ചൂഷണവഴിയൊരുക്കാൻ പാകത്തിൽ 4 തൊഴിൽ കോഡുകൾ നടപ്പാക്കുന്നു. ശമ്പളപരിധി ഉയർത്താത്തതുമൂലം പ്രൊവിഡന്റ് ഫണ്ട്, ഇ.എസ്.ഐ., ബോണസ്സ് എന്നീ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നഷ്ടമായി. തൊഴിലാളി പാർലമെന്റ് എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഇൻഡ്യൻ ലേബർ കോൺഫറൻസിനെ വിസ്മൃതിയിലാക്കി. ജോലിസ്ഥിരതയില്ലാതെ ഹയർ ആന്റ് ഫയർ സിസ്റ്റത്തിന് തൊഴിലാളികളെ വിധേയരാക്കുന്നു. ജീവിക്കാനാവശ്യമായ വേതനം (ലിവിംഗ് വേജ്) നൽകിയിരിക്കണമെന്ന് ഭരണഘടനയിലെ ആർട്ടിക്കിൾ 43 ൽ പ്രതിപാതിച്ചിരിക്കുന്ന രാജ്യത്ത് മിനിമം വേതനം പോലും നൽകാതെ തറവേതനം നൽകിയാൽ മതിയെന്ന് ഭരണകൂടം നിർദ്ദേശിക്കുന്നു. 2018 ലെ സർക്കാർ ഉത്തരവ് പ്രകാരം 178 രൂപ പ്രതിദിന മിനിമം തറവേതനമായി പ്രഖ്യാപിച്ചു കഴിഞ്ഞു. തുല്ല്യ ജോലിക്ക് തുല്ല്യവേതനമെന്ന സുപ്രീംകോടതി വിധി പോലും ലംഘിക്കുന്നു. ലേ ഓഫും, ലോക്കൗട്ടും, അടച്ചുപൂട്ടലും നിർബാധം നടത്താമെന്ന നിലവന്നു. തൊഴിലാളി സാമൂഹ്യസുരക്ഷാ പദ്ധതികളെല്ലാം ദുർബലമാക്കി. തൊഴിൽ മേഖലയാകെ കരാർവൽക്കരിക്കപ്പെട്ടതിനാൽ സേവന - വേതന വ്യവസ്ഥകൾ എല്ലാം ലംഘിച്ചും നിയമന റിസർവേഷൻ ആനുകൂല്യങ്ങൾ കാറ്റിൽ പറത്തിയും ഇടനിലക്കാരായ കങ്കാണിമാരുടെ കരങ്ങളി

ലാണ് തൊഴിൽ രംഗം. ചുരുക്കത്തിൽ മെയ്ദിന പ്രക്ഷോഭ കാലഘട്ടത്തിലെ അടിമ സമാന മായ ആധുനിക അടിമത്വത്തിലാണ് ഇൻഡ്യൻ തൊഴിലാളികൾ ഇന്ന്.

ഇതിന് പുറമെയാണ് ഇടി വെട്ടിയവനെ പാമ്പ് കടിച്ചു എന്ന പഴഞ്ചൊല്ലിനെ ഓർമ്മിപ്പിക്കും വിധം ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സിന്റെയും, ക്രിപ്റ്റോ കറൻസിയുടെയും വരവ്. ജനസംഖ്യയിൽ കേവലം 33 കോടിയുള്ള അമേരിക്കയും, 6 കോടിയുള്ള ബ്രിട്ട ണും, 7 കോടിയുള്ള ഫ്രാൻസിനും, 12 കോടിയുള്ള ജപ്പാനും ഇതൊക്കെ ഉൾക്കൊള്ളു വാൻ കഴിഞ്ഞാലും 143 കോടി ജനങ്ങൾ ഉള്ള ഇൻഡ്യയ്ക്ക് ഒരിക്കലും ഇത് ഗുണകരമാ കില്ല. പിരിച്ചുവിടലും, തൊഴിലില്ലായ്മയും, ദാരിദ്ര്യവും രൂക്ഷമാകും. നിലവിൽ പല വൻകിട സ്ഥാപനങ്ങളിലും നടക്കുന്ന പിരിച്ചുവിടലുകൾ ഇതിന്റെ സൂചനകളും അടയാള ങ്ങളും ആണ്.

ചുരുക്കത്തിൽ IMF ന്റെയും, ലോക ബാങ്കിന്റെയും ഉപദേശ നിർദ്ദേശങ്ങൾക്ക നുസരിച്ച് വികസനകുതിപ്പ് തുടരുന്നു എന്ന് ഭരണകൂടം അവകാശപ്പെടുമ്പോൾ രാജ്യം 205 ലക്ഷം കോടിയുടെയും, സംസ്ഥാനം 4.5 ലക്ഷം കോടിയുടെയും കടബാദ്ധ്യതയിൽപ്പെട്ടിരി ക്കുന്നു എന്ന ഗുരുതര സാമ്പത്തിക സ്ഥിതി വിസ്മരിക്കപ്പെടുന്നതിന്റെ പ്രത്യാഘാതം അതിഭീകരമായിരിക്കും. നെഹ്റുവിന്റെ ഫാബിയൻ സോഷ്യലിസത്തിലൂടെ മാത്രമേ രാജ്യത്തെയും, ജനങ്ങളെയും രക്ഷിക്കാൻ കഴിയൂ. ഈ തിരിച്ചറിവ് ഭരണകൂടങ്ങൾക്ക് ഉണ്ടാകണം.

ലോകം ഒരു വിപണിയാണ് വ്യവസായ, സാമ്പത്തിക നയങ്ങൾ ഒന്നാണ്. ഇതനുസരിച്ച് രാജ്യത്തിന്റെ നികുതിഘടന, പലിശ, ഓഹരി കമ്പോളം, ഭരണ നിർവ്വഹണ സേവനവേതന വ്യവസ്ഥകൾ, നീതിന്യായം, ഉല്പന്നവില എല്ലാം ഇന്ന് ഒരേ രൂപത്തിലായി രിക്കുന്നു.

വികസിത രാജ്യങ്ങളിലെ സേവന-വേതന വ്യവസ്ഥകളുടെ കണക്കുകൾ നിരത്തി തൊഴിലാളികൾ ഒഴികെയുള്ളവരെല്ലാം തങ്ങളുടെ താല്പര്യങ്ങൾ ശരിയാംവിധം സംരക്ഷിച്ചെടുക്കുന്നു. ഒരു തൊഴിലാളിയുടെ പ്രതിദിന ശരാശരി വേതനം 30 രൂപയും, ഒരു സമ്പന്നന്റെ ശരാശരി പ്രതിദിന വരുമാനം 2200 കോടിയാണെന്നും അന്തർദേശീയ സാമ്പത്തിക വിദഗ്ദ്ധർ തന്നെ കണ്ടെത്തുമ്പോൾ സാമ്പത്തിക അസന്തുലാവസ്ഥയുടെ ഗൗരവ്വം ബോദ്ധ്യപ്പെടുന്നു.

## വികസിത രാജ്യങ്ങളിലെ ആനുകൂല്യങ്ങൾ ഇന്ത്യൻ തൊഴിലാളികൾക്കും ലഭിക്കണം

സമസ്തമേഖലകളും ആഗോളവൽക്കരണത്തിന്റെയും, ദേശീയതയുടെയും ഭാഗമായി മാറുമ്പോൾ തൊഴിലാളികൾക്ക് വികസിത രാജ്യങ്ങളിലെപോലെ ദേശീയ മിനിമം - ഫെയർ - ലീവിംഗ് വേതനസംവിധാനം നടപ്പിലാക്കാൻ ഭരണകൂടം തയ്യാറാക ണം. ആഗോളവൽക്കരണത്തിന്റെ ലോകപിതാവായ അമേരിക്കയിൽ 3.33 ലക്ഷവും, ബ്രിട്ട ണിൽ 2.91 ലക്ഷവും, ഫ്രാൻസിൽ 1.6 ലക്ഷവും, ആസ്ട്രേലിയയിൽ 3 ലക്ഷവും, കാനഡ യിൽ 2.43 ലക്ഷവും, ജപ്പാനിൽ 1.4 ലക്ഷവും, ചൈനയിൽ 75000 രൂപയുമാണ് പ്രതിമാസ മിനിമം വേതനം എന്നറിയുമ്പോഴാണ് വേതന നിർണ്ണയ വിതരണത്തിലെ അശാസ്ത്രീയത ബോദ്ധ്യപ്പെടുന്നത്. അസംഘടിതമേഖലയിലാണ് ഈ വേതനമെങ്കിൽ മറ്റ് മേഖലകളിൽ ഫെയർ വേതനവും, ലീവിംഗ് വേതനവും കൂട്ടായ വിലപേശലിലൂടെ ഈ രാജ്യങ്ങളിൽ നിർണ്ണയിക്കപ്പെടുന്നു. അത് മിനിമം വേതനത്തിനേക്കാൾ എത്രയോ ഇരട്ടിയാണ്.

നിലവിൽ തൊഴിലാളികളുടെ അദ്ധ്വാനം കൊണ്ട് നേടിയിരിക്കുന്ന 274 ലക്ഷം കോടിയുടെ ആഭ്യന്തര ഉല്പാദനം 2027 ൽ 500 ലക്ഷം കോടിയായി (5 ട്രില്ല്യൻ) ഉയർത്തുമെന്ന് പ്രഖ്യാപിക്കുന്ന ഭരണകൂടം തൊഴിലാളികളെ അടിമകളാക്കി മാറ്റി ഈ നേട്ടം കൈവരിക്കുമെന്ന് പറയാതെ പറയുന്നു. അതിന്റെ തെളിവാണ് ദേശീയ പ്രതിദിന തറവേതനം 178 രൂപയായി നിശ്ചയിച്ച് (പ്രതിമാസം 4628 രൂപ) സർക്കാർ ഇറക്കിയ ഉത്തരവ്.

ഏറ്റവും താഴ്ന്ന സർക്കാർ ജീവനക്കാരന്റെ ഏറ്റവും കുറഞ്ഞ വേതനം ദേശീയ മിനിമം വേതനമായി നിശ്ചയിക്കപ്പെടണം. സംഘടിത മേഖലയിൽ ലാന്റ്-ലേബർ-കാപ്പിറ്റൽ എന്ന അടിസ്ഥാനഘടകങ്ങളെ അംഗീകരിച്ച് ഉല്പാദനം-ഉല്പാദനക്ഷമത-ലാഭം അടിസ്ഥാനമാക്കി ഫെയർവേതനവും, ലീവിംഗ് വേതനവും നിശ്ചയിക്കപ്പെടണം. വികസിതരാജ്യങ്ങളിലെപോലെ സമ്പൂർണ്ണ സാമൂഹ്യസുരക്ഷാനിധി രൂപീകരിക്കപ്പെടണം. ഈ നിധിയിൽ തൊഴിലെടുപ്പിക്കുന്നവർ വേതനത്തിന്റെ 30% ഉം തൊഴിലാളി 15% ഉം നിർബന്ധമായും നിക്ഷേപിക്കണം. CSR ഫണ്ട് പൂർണ്ണമായും ഈ നിധിയിൽ അടയ്ക്കപ്പെടണം. അവകാശികളില്ലാതെ ബാങ്കുകളിൽ കെട്ടികിടക്കുന്ന തുകകളും, ചില വിശ്വാസ ആചാരങ്ങളുടെ പേരിൽ പലിശ കൈപ്പറ്റാതിരിക്കുന്നവരുടെ പലിശതുകയും ഈ നിധിയിൽ ചേർക്കപ്പെടണം. ഇതോടൊപ്പം ആഭ്യന്തര ഉല്പാദനത്തിന്റെ .5% ഓരോ വർഷവും ബഡ്ജറ്റിലൂടെ ഈ നിധിയിലേയ്ക്ക് ചേർക്കപ്പെടണം. ഈ രീതിയിൽ ദേശീയ സാമൂഹ്യ സുരക്ഷാനിധി രൂപീകരിച്ച് EPF, ESI, ബോണസ്സ്, ഗ്രാറ്റുവിറ്റി, വാർദ്ധക്യകാല പെൻഷൻ എന്നിവ തൊഴിലാളികൾക്ക് ഉറപ്പ് വരുത്തുവാനുള്ള നടപടികൾ ഭരണകൂടം സ്വീകരിക്കണം. അതോടൊപ്പം വേതനനിഷേധവും, സാമൂഹ്യസുരക്ഷാനിധി നിഷേധവും ക്രിമിനൽ കുറ്റമായി പ്രഖ്യാപിച്ച് നിയമനടപടികൾക്ക് വിധേയമാക്കുകയും ചെയ്യണം. വികസിത രാജ്യങ്ങളിൽ ഈ രീതി തുടരുമ്പോൾ ഇൻഡ്യൻ തൊഴിലാളികൾക്കും ഇതിന് എന്തുകൊണ്ടും അർഹതയുണ്ട്. ഇതിനായി ശബ്ദമുയർത്തുമെന്ന് 2024 ലെ ഈ മെയ്ദിനത്തിൽ പ്രതിജ്ഞ ചെയ്യണം.

************



Published By V.J. Joseph, General Secretary
for INTUC Kerala State Committee